# മിതത്വം ഇസ്‌ലാമിന്റെ മുഖമുദ്ര

**عَنْ مُعَاذِ بْنِ جَبَلٍ رَضِيَ اللهُ عَنْهُ أَنَّ رَسُولَ اللهِ ﷺ لَمَّا بَعَثَ بِهِ إِلَى الْيَمَنِ قَالَ: إِيَّاكَ وَ التَنَعُّمِ فَإِنَّ عِبَادَ اللهِ لَيْسُوا بِالْمُتَنَعِّمِينَ (أحمد)**

**മുആദ്ബ്നു ജബലി(റ)ൽ നിന്ന്: അദ്ദേഹത്തെ യമനിലേക്ക് അയച്ചപ്പോൾ റസൂൽ (സ) പറഞ്ഞു: "താങ്കൾ ആഡംബര ജീവിതം ഒഴിവാക്കുക. ലൗകിക സുഖത്തിന് പിറകെ പോകുന്നവരല്ല അല്ലാഹുവിന്റെ ദാസൻമാർ." (അഹ്മദ്)**

ദുൻയാവിലെ ജീവിതത്തേക്കാൾ പരലോകത്തിന് മുൻഗണന നൽകുന്ന ദർശനമാണ് ഇസ്‌ലാം. ആഹാര പാനീയങ്ങളിലും വസ്ത്രത്തിലുമുള്ള അമിതത്വവും പൊങ്ങച്ചവുമാണ് ആഡംബരം എന്നതുകൊണ്ട് റസൂൽ (സ) ഉദ്ദേശിച്ചതെന്ന് ഈ ഹദീസിന്റെ വിശദീകരണത്തിൽ പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. ഇഹലോകജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങളും വിശ്വാസികൾ കൈവെടിയണമെന്നല്ല ഇതിനർഥം. നല്ലതും ഹലാലായതുമായ എല്ലാ വിഭവങ്ങളും അല്ലാഹു വിശ്വാസികൾക്ക് അനുവദിച്ചിരിക്കുന്നുവെന്ന് വിശുദ്ധ ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതിൽ നല്ല ഭക്ഷണവും വസ്ത്രവുമെല്ലാം ഉൾപ്പെടും. എന്നാൽ ദുൻയാവിലെ മോഹിപ്പിക്കുന്ന സർവ വിഭവങ്ങൾക്കും പിറകെ അനിയന്ത്രിതമായി പോകുന്നത് പരലോക ജീവിതത്തെ വിസ്മരിപ്പിക്കും. അതിൽ പ്രധാനപ്പെട്ടതാണ് മുന്തിയ അന്നപാനീയങ്ങളോടും ഉടയാടകളോടുമുള്ള അടങ്ങാത്ത തൃഷ്ണ. വെള്ളി കൊണ്ടും സ്വർണം കൊണ്ടുമുള്ള പാത്രങ്ങളും പട്ടുകിടക്കകളും ഉപയോഗിക്കുന്നത് ഇസ്‌ലാം വിലക്കിയത് ഈ ആഡംബര ഭ്രമം ഒഴിവാക്കാനാണ്. സ്വർണവും വെള്ളിയും കൊണ്ടുണ്ടാക്കിയ പാത്രങ്ങൾ ആഹാരം കഴിക്കാൻ ഉപയോഗിക്കരുതെന്ന് റസൂൽ (സ) പറഞ്ഞതിന്റെ കാരണവുമിതാണ്.

മിതത്വമാണ് ഇസ്‌ലാമിന്റെ മുഖമുദ്ര. അത് ഭക്ഷണത്തിലും വസ്ത്രത്തിലും സംസാരത്തിലും പ്രതിഫലിക്കണം. മിതത്വം പാലിക്കാത്തവൻ ആർത്തിയുടെ ഇരയായിരിക്കും. ആർത്തി പലപ്പോഴും ഹലാൽ ഹറാമുകളുടെ പരിധി ലംഘിക്കാൻ ഇടയാക്കും. നബി(സ) പറഞ്ഞു: "ആർത്തി പിടിച്ച തീറ്റക്കാർക്കായിരിക്കും അന്ത്യ നാളിൽ അമിതമായ വിശപ്പനുഭവപ്പെടുക." അമിത ഭക്ഷണം മനുഷ്യനെ ദുർവികാരങ്ങളിലേക്ക് നയിക്കും. അബൂബർസത് (റ) റിപ്പോർട്ട് ചെയ്യുന്നു: നബി (സ) പറഞ്ഞു: "നിങ്ങളുടെ ആമാശയത്തിന്റെ അടക്കമില്ലായ്മയും ലൈംഗികാസക്തിയും ഉപഭോഗ തൃഷ്ണയുമാണ് ഞാനേറെ ഭയക്കുന്നത്." (അഹ്മദ്). "വിശ്വാസി ഒരു വയറ് നിറക്കാനാണ് കുടിക്കുന്നത്. അവിശ്വാസി ഏഴ് വയറ് നിറക്കാനും." (മുസ്‌ലിം). റസൂലിന്റെ മറ്റൊരു വചനമിതാണ്: "വസ്ത്രം മാന്യവും നല്ലതുമാവാം. അത് പക്ഷേ അഹങ്കാരത്തിന്റേതാവരുത്." അബ്ദുല്ലാഹിബ്നു ഉമറി(റ)ൽ നിന്ന് നിവേദനം: റസൂൽ (സ) പറഞ്ഞു. " ഈ ലോകത്ത് പൊങ്ങച്ചത്തിന്റെ വസ്ത്രം ധരിക്കുന്നവരെ പരലോകത്ത് അപമാനത്തിന്റെ ഉടുപ്പിടുവിക്കും." (ഇബ്നുമാജ)

ഇതെല്ലാം മനസ്സിലാക്കിയാണ് നബി (സ), പട്ടിണിയിലും പരിവട്ടത്തിലുമായിരുന്ന തന്റെ അനുചരന്മാരോട് 'ദാരിദ്ര്യത്തെയല്ല, നിങ്ങൾക്ക് വരാൻ പോകുന്ന സമ്പന്നതയെയാണ് ഞാൻ ഭയപ്പെടുന്നത്' എന്ന് പറഞ്ഞത്.

അംറുബ്നു ഔഫിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു: "അല്ലാഹുവാണ് സത്യം, എനിക്ക് നിങ്ങളുടെ ദാരിദ്ര്യത്തെയല്ല പേടി. ദുൻയാവ് നിങ്ങളെ വലയിൽ വീഴ്ത്തിയേക്കുമോ എന്നതാണെനിക്ക് ഭയം. നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയ പല ജനതകളെയും അത് വലയിൽ വീഴ്ത്തിയിട്ടുള്ളതാണല്ലോ. അങ്ങനെ സംഭവിച്ചാലോ നിങ്ങളും അവരെപ്പോലെ ദുൻയാവിനെ കൈപ്പിടിയിലൊതുക്കാൻ മത്സരിച്ചു തുടങ്ങും. അപ്പോൾ അവരെ തുലച്ചതുപോലെ നിങ്ങളെയും അത് തുലച്ച് കളയും." (ബുഖാരി)

ഇപ്പറഞ്ഞതിനർഥം വിശ്വാസികൾ എപ്പോഴും പരിതാപകരമായ വസ്ത്രവും വിലകുറഞ്ഞ ഭക്ഷണവും തെരഞ്ഞെടുക്കണമെന്നല്ല. മറിച്ച് ആഡംബരവും പൊങ്ങച്ചവും സ്വീകരിക്കരുതെന്നാണ്. ഓരോരുത്തരുടെയും സാമ്പത്തികാവസ്ഥക്കനുസരിച്ച വസ്ത്രവും ഭക്ഷണവും ഉപയോഗിക്കാം. പ്രവാചകൻ തന്നെ ചില സന്ദർഭങ്ങളിൽ അത് വ്യക്തമാക്കിയിട്ടുണ്ട്.

ഒരിക്കൽ ഒരാൾ നബി(സ)യെ സന്ദർശിച്ചു. അയാളുടെ വേഷം അങ്ങേയറ്റം പരിതാപകരമായിരുന്നു. നബി അയാളോട് ചോദിച്ചു: "താങ്കൾക്ക് സ്വത്ത് വല്ലതുമുണ്ടോ?" "ഉണ്ട് പ്രവാചകരേ." അയാൾ പറഞ്ഞു. നബി ചോദിച്ചു: "ഏതു തരം സ്വത്ത്?" അയാൾ പറഞ്ഞു: "അല്ലാഹു എന്നെ എല്ലാതരം സ്വത്തുക്കളും നൽകി അനുഗ്രഹിച്ചിരിക്കുന്നു." ഇതുകേട്ട നബി(സ) പറഞ്ഞു: "എങ്കിൽ അല്ലാഹു താങ്കൾക്ക് നൽകിയ അനുഗ്രഹങ്ങൾ താങ്കൾ ആളുകളെ കാണിക്കണം." (നസാഈ)

■